LIBRARY ARCHIVES Kerala Legislative Assembly

ടൂറിസം വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾ

312(1013) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്പാവം അസംബ്ലിമണ്ഡലത്തിൽ ടൂറിസം വകുപ്പ് മുഖാന്തരം എന്തെല്ലാം പ്രവർത്തനങ്ങൾ ആണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയത്; എത്ര തുകയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്;

(ബി) ഒന്പാവം അസംബ്ലി മണ്ഡലത്തിലെ ശ്രീകൃഷ്ണപുരത്ത് സ്ഥാപിക്കുന്ന ബാപ്പുജി ചിൽഡ്രൻസ് പാർക്കിന് മൊത്തം എത്ര തുകയാണ് ചെലവഴിക്കുവാനായി ഉദ്ദേശിക്കുന്നത്; ഏതൊക്കെ ഫണ്ടാണ് ചെലവഴിക്കുന്നത്;

(സി) ബാപ്പുജി ചിൽഡ്രൻസ് പാർക്കിൽ സന്ദർശകർക്കായി എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പാർക്ക് എന്നത്തേക്ക് തുറന്ന് പ്രവർത്തിപ്പിക്കാനാകും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ടോയ്ലറ്റ് ബ്ലോക്ക്, ടിക്കറ്റ് കൗണ്ടർ, റെയിൻ ഷെൽറ്റർ, വാച്ച് ടവർ, പാത്ത് വേ, ലാൻഡ്സ്കേപ്പിംഗ്, റോഡ് കോർ ബാറ്ററി ഓപ്പറേറ്റർ കാർ, ആംഫിതിയേറ്റർ, പ്ലേ ഏരിയ, ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് ആന്റ് സാനിറ്ററി ഫിറ്റിംഗ്സ്, പ്ലേ എക്വിപ്മെന്റ്സ് തുടങ്ങിയവ നടപ്പിലാക്കിവരുന്നു.

(ഡി) 28-2-2016-ന് തുറന്ന് പ്രവർത്തിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഓണാഘോഷ പരിപാടികളുടെ വരവ് ചെലവ് കണക്കുകൾ

313(1014) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ 2015 വരെ ടൂറിസം വകുപ്പ് സംഘടിപ്പിച്ച ഓണാഘോഷ പരിപാടികളുടെ വരവ് ചെലവ് കണക്കുകൾ അക്കൗണ്ടന്റ് ജനറൽ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ ഓഡിറ്റിംഗ് നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ എന്തായിരുന്നെന്ന് അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.